"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയം ഭരണ വകുപ്പ്- കുടുംബശ്രീ- ജീവനക്കാര്യം - ശ്രീ.അരുൺ പ്രഭാകർ (ജൂനിയർ ഇൻസ്ട്രക്ടർ, കൽപ്പറ്റ ഗവൺമെന്റ് ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, വയനാട്)-ന്റെ കുടുംബശ്രീ കോട്ടയം ജില്ലാ മിഷനിലെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.617/2022/LSGD തീയതി,തിരുവനന്തപുരം, 14-03-2022

---

പരാമർശം:-
1. 10.05.2013 തീയതിയിലെ 42/2013/ധന നം. സർക്കുലർ
2. 28.11.2013 തീയതിയിലെ സ.ഉ.(പി) നം.580/2013/ധന
3. 14.01.2020 തീയതിയിലെ സ.ഉ.(സാധാ) നം.117/2020/തസ്വഭവ
4. 13.04.2021 തീയതിയിലെ സ.ഉ.(സാധാ) നം.859/2021/തസ്വഭവ
5. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 31.01.2021 ലെ 646/ഇ1/2020/കെ.എസ്.എച്ച്.ഒ നമ്പർ കത്ത്.

**ഉത്തരവ്**

കൽപ്പറ്റ ഗവൺമെന്റ് ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിലെ ജൂനിയർ ഇൻസ്ട്രക്ടർ ആയ ശ്രീ. അരുൺ പ്രഭാകർ- നെ പരാമർശം (3)ലെ ഉത്തരവ് പ്രകാരം കുടുംബശ്രീ കോട്ടയം ജില്ലാ മിഷനിൽ അസി. ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുകയുണ്ടായി. പരാമർശം 4 പ്രകാരം ദീർഘിപ്പിച്ച ടിയാളുടെ അന്യത്രസേവന കാലാവധി 16.02.2022 ൽ അവസാനിച്ചതായും 17.02.2022 മുതൽ ഒരു വർഷത്തേക്ക് കൂടി അന്യത്രസേവന കാലം ദീർഘിപ്പിച്ച നൽകണമെന്നും പരാമർശം (5) ലെ കത്ത് പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. അരുൺ പ്രഭാകർ- ന്റെ കുടുംബശ്രീ കോട്ടയം ജില്ലാ മിഷനിൽ അസി. ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിലെ അന്യത്രസേവന കാലാവധി കേരള സർവ്വീസ് റൂൾസ് ഭാഗം -1 ചട്ടം 140(സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം (1) സർക്കുലറിലെയും പരാമർശം (2) ഉത്തരവിലെയും മാനദണ്ഡങ്ങൾക്കും വിധേയമായി 17.02.2022 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

സ.ഉ.(സാധാ) നം.617/2022/LSGD

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടി എസ് പ്രവീൺ കുമാർ
അണ്ടർ സെക്രട്ടറി

പകർപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ,തിരുവനന്തപുരം.
ശ്രീ. അരുൺ പ്രഭാകർ , (ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം. മുഖേന)
ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ. എസ്.എ/ജി&എസ്.എസ്.എ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.(ഐ.എ1/39/2022/തസ്വഭവ)

ഉത്തരവിൻ പ്രകാരം
**Signed by Vijitha M B**
**Date: 14-03-2022 15:38:58**
സെക്ഷൻ ഓഫീസർ